**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**

**KEAM – 2021**
**ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള**
**മോപ് – അപ്പ് അലോട്ട്മെന്റ്**
**ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുള്ള അവസരം**

2021 -22 അദ്ധ്യയന വർഷത്തെ ആയുർവേദ /ഹോമിയോ/സിദ്ധ/യുനാനി മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ രണ്ടാം ഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി മോപ് -അപ്പ് അലോട്ട്മെന്റ് നടത്തുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ/ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും **13.04.2022 മുതൽ 16.04.2022 വൈകുന്നേരം 04.00 മണിവരെ** ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. 30.03.2022 ലെ കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ (Ref. Letter-14030/12/2022-EP-1) നമ്പർ കത്ത് പ്രകാരം ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി കോഴ്സുകളിലേക്ക് NEET UG 2021 ന്റെ യോഗ്യതാമാർക്ക് പുനർനിർണ്ണയിച്ച സാഹചര്യത്തിൽ പുതുതായി യോഗ്യത നേടിയ വിദ്യാർത്ഥികൾക്കും ഈ ഘട്ടത്തിൽ ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി കോഴ്സുകളിലേക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈൻ മോപ്-അപ്പ് കൗൺസിലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിലെ ഹോം പേജിൽ പ്രവേശിച്ച് **'Mop up Option Registration'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **13.04.2022 മുതൽ 16.04.2022 വൈകുന്നേരം 04.00 മണിവരെ** ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈൻ മോപ്-അപ്പ് അലോട്ട്മെന്റ് **20.04.2022** ന് പ്രസിദ്ധീകരിക്കുന്നതാണ്.

**മോപ്-അപ്പ് അലോട്ട്മെന്റ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ**

1. അലോട്ട്മെന്റിൽ പ്രവേശനം നേടുമെന്ന് ഉറപ്പുള്ള കോളേജുകളിലേക്കും/കോഴ്സുകളിലേക്കും മാത്രം ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

2. മോപ് അപ്പ് അലോട്ട്മെന്റ് പ്രക്രിയയിലൂടെ ഉണ്ടാകാനിടയുള്ള ഒഴിവുകളും ഈ ഘട്ടത്തിൽ തന്നെ നികത്തപ്പെടുമെന്നതിനാൽ താത്പര്യമുള്ള എല്ലാ കോളേജിലേക്കും ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

3. പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റ് പ്രകാരം ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ നിലവിൽ അഡ്മിഷനുള്ള വിദ്യാർത്ഥികൾക്ക് മോപ്-അപ് കൗൺസിലിംഗിലൂടെ പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം നിലവിലുള്ള അഡ്മിഷൻ റദ്ദാകുന്നതാണ് . ആയതിനാൽ വിദ്യാർത്ഥികൾ ഓപ്ഷൻ നൽകുന്നതിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

4. താഴെ പറയുന്ന വിദ്യാർത്ഥികൾ ഓൺലൈൻ മോപ് അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ യോഗ്യരല്ല.

a. നിലവിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സകളിൽ പ്രവേശനം നേടിയവരും പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എം .ബി.ബി.എസ്/ബി.ഡി.എസ് മോപ് അപ്പ് അലോട്ട്മെന്റ്/ എം.ബി.ബി.എസ് സ്റ്റേ വേക്കൻസി അലോട്ട്മെന്റ് ലിസ്റ്റ് പ്രകാരം അലോട്ട്മെന്റ് നേടിയവരും ഈ മോപ് അപ്പ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ യോഗ്യരല്ല.

b. അഖിലേന്ത്യാ കൗൺസലിംഗിലൂടെ BAMS/BHMS/BSMS/BUMS കോഴ്സകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെ ഓൺലൈൻ മോപ്-അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ പരിഗണിക്കുന്നതല്ല.

c. അഖിലേന്ത്യാ കൗൺസലിംഗിലൂടെ എം .ബി.ബി.എസ്/ബി.ഡി.എസ് കോഴ്സകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെ ഓൺലൈൻ മോപ്-അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

5. മോപ് അപ് അലോട്ട്മെന്റിനുശേഷം ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം വിദ്യാർത്ഥികൾ 13.04.2022 മുതൽ 16.04.2022, വൈകുന്നേരം 4.00 മണിവരെ (മോപ്-അപ് അലോട്ട്മെന്റിനായി) നൽകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ ഈ ഒഴിവുകൾ പിന്നീട് നികത്തുന്നതായിരിക്കും.

6. മോപ്-അപ് അലോട്ട്മെന്റ് വഴി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്ത പക്ഷം കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (c)(ii) പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമായിരിക്കും.

**<u>മോപ് അപ് രജിസ്ട്രേഷൻ ഫീസ്</u>**

മോപ് അപ് അലോട്ട്മെന്റിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയും പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് ബാധകമായിരിക്കും. രജിസ്ട്രേഷൻ ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയതിനുശേഷം മാത്രമേ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരിക്കൽ രജിസ്ട്രേഷൻ ഫീസ് അടച്ചു കഴിഞ്ഞാൽ പിന്നീട് രജിസ്ട്രേഷൻ ഫീസിൽ ഒരു തരത്തിലുള്ള മാറ്റവും അനുവദിക്കുന്നതല്ല.രജിസ്ട്രേഷൻ ഫീസ് ഓൺലൈനായോ പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കാവുന്നതാണ്.

- മോപ്-അപ്പ് അലോട്ട്മെന്റിൽ ഗവൺമെന്റ് കോളേജുകളിലെ കോഴ്സകളിൽ മാത്രം ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ഫീസായി 2,000/- രൂപ (രണ്ടായിരം രൂപ) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- സ്വാശ്രയ കോളേജുകളിലെ കോഴ്സകളിൽ ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികൾ 10,000/- രൂപ (പതിനായിരം രൂപ) രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യതൊഴിലാളികളുടെ മക്കൾ / OEC യ്ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ /20.06.2005 തീയതിയിലെ G.O(MS)No.25/2005/SCSTDD, G.O(MS)No.10/2014/BCDD തീയതി 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്ര ഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവയിലെ വിദ്യാർത്ഥികളും 1000/- രൂപ (ആയിരം രൂപ) രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റിലൂടെ കീം 2021 ലെ ഏതെങ്കിലും കോഴ്സകൾക്ക് രജിസ്ട്രേഷൻ/അഡ്മിഷൻ/മോപ് അപ് അലോട്ട്മെന്റ് രജിസ്ട്രേഷൻ എന്നിവയിലേക്ക് വിദ്യാർത്ഥികൾ അടച്ച തുക ഈ മോപ് അപ് രജിസ്ട്രേഷൻ ഫീസിനത്തിൽ വകയിരുത്തുന്നതല്ല. ഇത്തരം വിദ്യാർത്ഥികൾ പുതുതായി മുകളിൽ പറഞ്ഞിരിക്കുന്ന രജിസ്ട്രേഷൻ ഫീസ്

അടയ്ക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം, കോഴ്സ് ഫീസ് രജിസ്സ്ട്രേഷൻ ഫീസിനേക്കാൾ കുറവാണെങ്കിൽ അധിക തുക റീഫണ്ട് ചെയ്യുന്നതാണ്. അതേ സമയം കോഴ്സ് ഫീസ് രജിസ്ട്രേഷൻ ഫീസിനേക്കാൾ അധികമാണെങ്കിൽ രജിസ്ട്രേഷൻ ഫീസ് കോഴ്സ് ഫീസിലേക്ക് വകയിരുത്തുന്നതാണ്.

- മോപ് അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് റീഫണ്ട് ചെയ്യുന്നതാണ്.
- മോപ്-അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചശേഷം നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളുടെയും അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് പെനാൽറ്റിയായി കണക്കാക്കുന്നതും തിരികെ നൽകുന്നതുമല്ല . കൂടാതെ ഇത്തരം വിദ്യാർത്ഥികളിൽ നിന്നും പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (c)(ii) പ്രകാരം പിഴ ഈടാക്കുന്നതുമാണ്.

**<u>അലോട്ട്മെന്റ് ഷെഡ്യൂൾ</u>**

| | |
|---|---|
| 13.04.2022 | ഓൺലൈൻ മോപ്-അപ്പ് കൗൺസിലിംഗിന് ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വെബ് സൈറ്റ് സജ്ജമാകുന്നു. |
| 16.04.2022 (വൈകുന്നേരം 4.00 മണിവരെ) | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| 20.04.2022 | മോപ് അപ് അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 21.04.2022 മുതൽ 23.04.2022 (ഉച്ചക്ക് 2 .00 മണി വരെ) | അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ് / കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. |
| 23.04.2022 (വൈകിട്ട് 3 . 00 മണി) | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം |

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**13/04/2022** f